പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1901 08.06.2018-ലെ മറുപടിക്ക്

## ഡീസൽ വില വർദ്ധനവ് മൂലമുള്ള കെ.എസ്.ആർ.ടി.സി.യുടെ അധിക ബാധ്യത

ചോദ്യം

ശ്രീ. എൻ. ഷംസുദ്ദീൻ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡീസൽ വില വർദ്ധനവ് മൂലം കെ.എസ്.ആർ.ടി.സി.യ്ക്ക് ഇപ്പോൾ ഉണ്ടായിട്ടുള്ള അധിക ബാധ്യത എത്ര രൂപയാണ് എന്നതിന്റെ വിശദവിവരം നൽകുമോ; | (എ) | 01.03.2018 മുതൽ 31.05.2018 വരെ 12.45 കോടി രൂപയാണ് അധിക ബാധ്യത. എന്നാൽ ജൂൺ മാസം മുതൽ 12.59 കോടി രൂപ പ്രതിമാസം അധിക ചെലവുണ്ടാകുന്നതാണ്. |
| (ബി) | ഇങ്ങനെ അധിക ബാധ്യത വരുന്നത് കെ.എസ്.ആർ.ടി.സി. യുടെ ദൈനംദിന പ്രവർത്തനങ്ങളെ എപ്രകാരം ബാധിക്കും എന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഡീസലിന്റെ വിലവർദ്ധനവ് സാമ്പത്തിക ബുദ്ധിമുട്ടിൽ നിൽക്കുന്ന കെ.എസ്.ആർ.ടി. സി.യുടെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. ഡീസൽ വിലവർദ്ധനവിനനുസരിച്ച് കോർപ്പറേഷന്റെ വരുമാനം വർദ്ധിക്കുന്നില്ല. ഏറ്റവും കൂടുതൽ ചെലവ് വരുന്നത് ഡീസൽ, വായ്പകളുടെ തിരിച്ചടവ്, ശമ്പളം, സ്പെയർ പാർട്സ് എന്നിവയ്ക്കാണ്. ഡീസൽ വില വർദ്ധനവ് മൂലം സ്പെയർ പാർട്സുകളുടെ വാങ്ങൽ കുറയുകയും അതുവഴി ബസ്സുകളുടെ അറ്റകുറ്റ പണികളെ ബാധിക്കുന്നതുമൂലം സർവ്വീസ് ഓപ്പറേഷൻ താറുമാറാവുകയും ചെയ്യുന്നു. |
| (സി) | ഇത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | ഡ്യൂട്ടി പരിഷ്കരണത്തിലൂടെ മാനവ വിഭവ ശേഷിയുടെ ഉപയോഗം വർദ്ധിപ്പിച്ചും, വരുമാനം കുറഞ്ഞ ട്രിപ്പുകൾ നിർത്തലാക്കിയും, ഡോക്കിൽ കിടക്കുന്ന വാഹനങ്ങൾ ഗതാഗത യോഗ്യമാക്കി വരുമാനമുള്ള റൂട്ടിൽ സർവ്വീസ് നടത്തിയും, ഇന്ധനക്ഷമത വർദ്ധിപ്പിച്ചും ഈ പ്രതിസന്ധി പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ